**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3862** **17-03-2025 - ൽ മറുപടിയ്ക്ക്**

**വിദേശ രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്നവരുടെ വിശദാംശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിവിധ വിദേശ രാജ്യങ്ങളിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന മലയാളികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | വിദേശ രാജ്യങ്ങളിൽ ജോലി തേടിപോകുന്ന മലയാളികളുടെ വിവര ശേഖരണത്തിനായി 2008 മുതൽ പ്രവാസി തിരിച്ചറിയൽ കാർഡ് നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ വിദേശത്തു പോകുന്ന എല്ലാപേരും നോർക്കയിൽ രജിസ്റ്റർ ചെയ്യണമെന്ന് നിർബന്ധമില്ല. കഴിഞ്ഞ 5 വർഷങ്ങളിലായി 4,17,536 മലയാളികൾ നോർക്ക റൂട്സിൽ നിന്ന് തിരിച്ചറിയൽ കാർഡിനു രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | അനധികൃത റിക്രൂട്ടിംഗ് ഏജൻസികളുടെ തട്ടിപ്പിന് ഇരയായി റഷ്യയിൽ കൂലിപ്പട്ടാളത്തിൽ സേവനം ചെയ്യാൻ നിർബന്ധിതരായ മലയാളികളുടെ വിശദാംശം അറിയിക്കാമോ; ഇവരുടെ മോചനത്തിനായി എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | (ബി) | അനധികൃത റിക്രൂട്ടിംഗ് ഏജൻസികളുടെ തട്ടിപ്പിന് ഇരയായി റഷ്യയിൽ കൂലിപ്പട്ടാളത്തിൽ സേവനം ചെയ്യാൻ നിർബന്ധിതരായ മലയാളികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:-<br><br>1. ശ്രീ. പ്രിൻസ് സെബാസ്റ്റ്യൻ : നോർക്ക ഇടപ്പെട്ട് ഇന്ത്യൻ എംബസ്സി വഴി നാട്ടിൽ എത്തിച്ചു.<br>2. ശ്രീ. സന്ദീപ് ചന്ദ്രൻ, ശ്രീ. ബിനിൽ തോലാത്ത്: റഷ്യ - യുക്രയിൻ യുദ്ധത്തിൽ മരണപ്പെട്ടു.<br>3. ശ്രീ. ജെയിൻ കുര്യൻ : യുദ്ധത്തിൽ പരിക്കേറ്റ നിലവിൽ റഷ്യയിൽ ചികിത്സയിൽ കഴിയുന്നു.<br>4. ശ്രീ. സന്തോഷ് ഷൺമുഖൻ, ശ്രീ. സിബി ബാബു, ശ്രീ. റെനിൻ തോമസ് : ഇവരെ തിരിച്ചെത്തിക്കാനായി എംബസിയുമായി ബന്ധപ്പെട്ടിട്ടുണ്ട്. |
| (സി) | യുവാക്കളെ വിവിധ നിയമ വിരുദ്ധ പ്രവർത്തനങ്ങൾക്കും ജോലികൾക്കുമായി വിദേശത്തേക്ക് റിക്രൂട്ട് ചെയ്യുന്നതിന് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് നിന്നും വിദേശത്തേക്ക് ജോലിക്കായി നിയമവിരുദ്ധ റിക്രൂട്ട്മെന്റുകൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടപ്പോൾതന്നെ കേരള പോലീസും പ്രവാസികാര്യ വകുപ്പും വിദേശകാര്യ മന്ത്രാലയത്തിലെ പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സും സംയുക്തമായി 'ഓപ്പറേഷൻ ശുഭയാത്ര' എന്ന പദ്ധതി ആരംഭിക്കുകയും 24 മണിക്കൂറും പ്രവർത്തിക്കുന്ന |

| | | | |
|---|---|---|---|
| | | | ഹെൽപ്പ് ലൈൻ നമ്പരും (0471-2721547), ഇ മെയിൽ ഐഡികളും spnri.pol@kerala.gov.in, dyspnri.pol@kerala.gov.in നിലവിലുണ്ട്. കേരള പോലീസാണ് ഇവ സജ്ജമാക്കിയിട്ടുള്ളത്. വിവിധ മാധ്യമങ്ങൾ വഴി വ്യാപകമായ പ്രചാരവും നൽകി വരുന്നുണ്ട്.<br><br>വിദേശതൊഴിൽ തട്ടിപ്പ് തടയാനായി ആരംഭിച്ച ‘ഓപ്പറേഷൻ ശുഭയാത്ര'യുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ്, പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ്, തിരുവനന്തപുരം, എറണാകുളം ഓഫീസുകളിലെ ഉദ്യോഗസ്ഥർ, പോലീസ് സൂപ്രണ്ട് എൻ.ആർ.ഐ. സെൽ എന്നീ ഉദ്യോഗസ്ഥരുടെ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. പരാതികളുടെ അന്വേഷണ പുരോഗതി വിലയിരുത്തുന്നതിന് മേൽ ഉദ്യോഗസ്ഥരുടെ യോഗം മാസം തോറും ചേരാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>വ്യാജ റിക്രൂട്ട്മെന്റ്, മനുഷ്യക്കടത്ത് എന്നിവയിലൂടെ വിദേശത്ത് കുടുങ്ങിപ്പോകുന്നവരെ ഇന്ത്യൻ എംബസി, പ്രവാസി സംഘടനകൾ എന്നിവരുടെ സഹായത്തോടെ നാട്ടിൽ തിരിച്ചെത്തിക്കുന്നതിന് നിലവിൽ നോർക്ക വകുപ്പും, നോർക്ക റൂട്ട്സും സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്.<br>നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെ വിപുലമായ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നുണ്ട്.<br>പ്രവാസികൾക്ക് നേരിട്ട് പരാതി നൽകാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>തീരദേശം, വിമാനത്താവളങ്ങൾ എന്നിവ മുഖേനയുള്ള മനുഷ്യക്കടത്ത് സംബന്ധിച്ച രഹസ്യ വിവരങ്ങൾക്കനുസരിച്ച് നിലവിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. സോഷ്യൽ മീഡിയ വഴിയുള്ള റിക്രൂട്ട്മെന്റ് തട്ടിപ്പുകൾ തടയുന്നതിന് പോലീസിന്റെ സൈബർ വിഭാഗത്തിന്റെ സേവനവും പ്രയോജനപ്പെടുത്തിവരുന്നു. ക്രൈംബ്രാഞ്ച് ഐ.ജി നോഡൽ ഓഫീസറായി സ്റ്റേറ്റ് സെല്ലും പ്രവർത്തിച്ചു വരുന്നുണ്ട്. നോഡൽ ഓഫീസറുടെ മേൽനോട്ടത്തിൽ എല്ലാ ജില്ലകളിലും ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് യൂണിറ്റുകളും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ